# സംഘടിത നമസ്കാരം (صلاة الجماعة)

മുസ്ലിംകൾ അവരവരുടെ പ്രദേശത്ത് അഞ്ചു സമയത്തെ ഫർദ് നമസ്കാരങ്ങൾ ജമാഅത്തായി അനുഷ്ഠിച്ചു പോരേണ്ടതാകുന്നു. ഒരു നേതാവിന്റെ പിന്നിൽ ഒരുമിച്ചു ചേർന്നു സംഘടിതമായി നമസ്കരിക്കുന്നതിന്നാണ് ജമാഅത്ത് നമസ്കാരം എന്നു പറയുന്നത്. മുസ്ലിംകൾ അധിവസിക്കുന്ന എല്ലാ പ്രദേശങ്ങളിലും ജമാഅത്ത് നമസ്കാരം നിലനിർത്തിപ്പോരേണ്ടത് അവരുടെ സാമൂഹിക കടമയാണ്. ഒരിടത്ത് രണ്ടു പേരാണുള്ളതെങ്കിൽ ഒരാൾ ഇമാമും മറ്റെയാൾ മഅ്മൂമും ആയിക്കൊണ്ട് നമസ്കരിക്കണം. ഒരു ഇമാമും ഒരു മഅ്മൂമും മാത്രമാണുള്ളതെങ്കിലും ജമാഅത്ത് നമസ്കാരം എന്നു പറയാം. ജമാഅത്ത് നമസ്കാരം മുസ്ലിംകളിൽ സംഘടനാബോധം ഉറപ്പിക്കുവാൻ ഉപകരിക്കുന്നതാണ്.

ജമാഅത്തു നമസ്കാരത്തിൽ പങ്കെടുക്കൽ ഏറ്റവും പുണ്യമായ കാര്യമാകുന്നു. ജമാഅത്തായിക്കൊണ്ടുള്ള നമസ്കാരം ഒറ്റക്ക് നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തേഴിരട്ടി ശ്രേഷ്ഠമായിട്ടുള്ളതാകുന്നു.

ഇമാം സലാം ചൊല്ലി നമസ്കാരത്തിൽനിന്നു ഒഴിവാകുന്നതിനു മുമ്പ് എപ്പോഴും ഇമാമിനോട് തുടരാവുന്നതാണ്. എപ്പോൾ തുടർന്നാലും ജമാഅത്തിൽ പങ്കെടുത്ത പുണ്യം ലഭിക്കുന്നതാണ്. എന്നാൽ ഇമാം തക്ബീറത്തുൽ ഇഹ്റാം ചൊല്ലുമ്പോൾ തന്നെ തുടരുകയും നമസ്കാരം മുഴുവൻ ജമാഅത്തായി ചേർന്നു നിർവഹിക്കുകയും ചെയ്യുന്നതാണ് ഉത്തമം.

ഇമാം തക്ബീറതുൽ ഇഹ്റാം ചൊല്ലുന്നതിനു മുമ്പായി മഅ്മൂം തക്ബീറത്തുൽ ഇഹ്റാം ചൊല്ലാൻ പാടില്ല. ഇമാമിന്റെ ചലനങ്ങളെക്കാൾ മഅ്മൂം ഒരിക്കലും മുൻകടന്നു പോകരുത്. നമസ്കാരം കഴിയുന്നത് വരെ ഇമാമിന്റെ ചലനങ്ങളുടെ പിന്നാലെ നീങ്ങിക്കൊണ്ടിരിക്കണം. ഇമാം ആദ്യത്തെ സലാം ചൊല്ലിയ ശേഷമേ മഅ്മൂം സലാം ചൊല്ലാൻ പാടുള്ളൂ. ഇമാമിനോട് തുടർന്നുകൊണ്ടുള്ള നമസ്കാരം ശരിയാകുന്നതിനുള്ള നിബന്ധനകൾ താഴെ ചേർക്കുന്നു:

1. ഇമാമിനോട് തുടർന്ന് നമസ്കരിക്കുകയാണെന്ന് മഅ്മൂം കരുതുക. ഇമാമിനെ സംബന്ധിച്ചേടത്തോളം താൻ ഇമാമാണെന്ന് നിയ്യത്ത് ചെയ്തില്ലെങ്കിലും വിരോധമില്ല. എങ്കിലും അങ്ങനെ നിയ്യത്ത് ചെയ്യുന്നതു നല്ലതാകുന്നു. പക്ഷേ, ജുമുഅഃ നമസ്കാരത്തിലാണെങ്കിൽ താൻ ഇമാമാണെന്നു കരുതേണ്ടത് നിർബന്ധമാകുന്നു.

2. മഅ്മൂം ഇമാമിനെക്കാൾ മുന്നിട്ടു നില്ക്കാതിരിക്കുക. അതായത്, മഅ്മൂമിന്റെ മടമ്പുകാൽ ഇമാമിന്റെ മടമ്പുകാലിനെക്കാൾ മുന്തിപ്പോകരുത്. മഅ്മൂം ഒരാൾ മാത്രമാണെങ്കിൽ ഇമാമിന്റെ വലതുഭാഗത്ത് അല്പം പിന്തി നില്ക്കുന്നതാണുത്തമം. പിന്നെ ഒരാൾകൂടി വന്നാൽ അയാൾ ഇമാമിന്റെ പിറകിൽ ഇടതു ഭാഗത്തുനിന്ന് തക്ബീർ ചൊല്ലണം. ശേഷം രണ്ടുപേരും പിന്നോട്ട് വന്ന് ഇമാമിന്റെ പിന്നിൽ തോളോടുതോൾ ചേർന്നു നില്ക്കുകയും വേണം. അവർക്ക് പിന്നോട്ട് നീങ്ങാൻ സൗകര്യമില്ലെങ്കിൽ ഇമാം മുന്നോട്ടു കയറിനിന്ന് കൊടുക്കണം.

3. ഇമാമും മഅ്മൂമും ഒരിടത്തായിരിക്കുക. അതായത്, തീരെ വേർപ്പെട്ട രണ്ട് സ്ഥലത്താവാതിരിക്കുക.

4. മഅ്മൂമിന് ഇമാമിന്റെ ചലനങ്ങൾ അറിയുവാൻ സാധിക്കുക. മഅ്മൂമുകളുടെ ചലനങ്ങൾ കണ്ടുകൊണ്ടോ ശബ്ദം കേട്ടുകൊണ്ടോ അറിയാൻ സാധിച്ചാലും മതിയാകുന്നതാണ്.

5. ഇമാമിന്റെ പ്രവർത്തനങ്ങളോട് ക്രമം തെറ്റാതെ തുടരുക. ഉദാഹരണമായി, ഒരുത്തൻ ظهر നമസ്കാരത്തിൽ രണ്ടാമത്തെ റക്അത്തിൽ തുടർന്നു എന്നു വിചാരിക്കുക. ഇമാം രണ്ടാമത്തെ റക്അത്ത് കഴിഞ്ഞ് ആദ്യത്തെ അത്തഹിയ്യാത്തിന്നിരിക്കുമ്പോൾ അവനും ഇമാമിനോട് കൂടെ ഇരിക്കണം. അതായത് അവൻ തന്റെ നമസ്കാരത്തിന്റെ ക്രമം പാലിക്കരുത്. മറിച്ച് ഇമാമിന്റെ നമസ്കാരത്തിന്റെ ക്രമം പാലിച്ചു പൂർണമായി തുടർന്നു

കൊടുക്കണം.

6. ഇമാമിനെക്കാൾ രണ്ട് പ്രവൃത്തികൊണ്ട് മനഃപൂർവം മുന്തിപ്പോവാതിരിക്കുക. ഉദാഹരണമായി, ഇമാം ഓതിക്കൊണ്ട് നില്ക്കുമ്പോൾ മഅ്മൂം റുകൂഉം ഇഅ്ത്തിദാലും ചെയ്ത് സുജൂദിലേക്ക് നീങ്ങുന്നു എന്നു വിചാരിക്കുക. എങ്കിൽ മഅ്മൂമിന്റെ നമസ്കാരം ബാത്വിലാകുന്നതാണ്. അറിവില്ലാത്തതുകൊണ്ട് മുന്തിപ്പോയാൽ നമസ്കാരം ബാത്വിലാവുകയില്ല. മറന്നുകൊണ്ടായാലും ബാത്വിലാവുകയില്ല. പക്ഷേ, അയാൾ വീണ്ടും പിന്നോട്ടു മടങ്ങി ആ രണ്ടു ഫർദുകൾ വീണ്ടും ഇമാമിനോടു കൂടെ ചെയ്യണം.

ഒരു പ്രവൃത്തികൊണ്ട് ഇമാമിനെക്കാൾ മുന്തിപ്പോയാൽ നമസ്കാരം ബാത്വിലാവുകയില്ലെങ്കിലും അത് ക്രമക്കേടാകയാൽ മനഃപൂർവം അങ്ങനെ ചെയ്യുന്നത് കുറ്റകരമാകുന്നു.

7. കാരണം കൂടാതെ രണ്ടു പ്രവൃത്തികൊണ്ട് ഇമാമിനെക്കാൾ പിന്തിപ്പോകാതിരിക്കുക. ഉദാഹരണമായി ഇമാം റുകൂഉം ഇഅ്തിദാലും കഴിഞ്ഞ് സുജൂദിലേക്ക് നീങ്ങുമ്പോൾ മഅ്മൂം റുകൂഇലേക്ക് കുനിയുക പോലും ചെയ്യാതെ നില്ക്കുകയാണെന്ന് വിചാരിക്കുക. യാതൊരു കാരണവും കൂടാതെ ഇങ്ങനെ ചെയ്താൽ നമസ്കാരം ബാത്വിലാകും. അതിനാൽ അപ്പോളദ്ദേഹം ഇമാമുമായി വിട്ടുപിരിഞ്ഞു എന്നു കരുതി സ്വതന്ത്രനായി നമസ്കരിക്കണം. എന്നാൽ കാരണമുണ്ടെങ്കിൽ അതുകൊണ്ട് നമസ്കാരം ബാത്വിലാവുകയില്ല. ഉദാഹരണമായി ഒരു മഅ്മൂമിന് വളരെ സാവധാനത്തിലേ ഓതാൻ സാധിക്കുകയുള്ളൂ എന്നു വിചാരിക്കുക. അയാൾ ഫാത്തിഹ ഓതിക്കഴിഞ്ഞപ്പോഴേക്കും ഇമാം സുജൂദിലേക്ക് കുനിഞ്ഞാൽ നമസ്കാരം ബാത്വിലാവുകയില്ല. പക്ഷേ, ഇമാം രണ്ടാമത്തെ സുജൂദിൽനിന്ന് ഉയരുന്നതിനു മുമ്പായി മഅ്മൂം റുകൂഇലേക്ക് പോകണം. അല്ലെങ്കിൽ അയാൾക്ക് ഇമാമുമായി വേർപ്പെട്ട് സ്വതന്ത്രമായി നമസ്കരിക്കേണ്ടി വരുന്നതാണ്. അതുമല്ലെങ്കിൽ ഇമാം എഴുന്നേറ്റുവന്നശേഷം നിറുത്തത്തിൽ തുടർന്നുപോകാം. പക്ഷേ, ഒഴിഞ്ഞുപോയ റക്അത്ത് ഇമാമിന്റെ സലാമിന്നുശേഷം പൂർത്തിയാക്കേണ്ടി വരും.

8. ഇമാമിന്റെയും മഅ്മൂമിന്റെയും നമസ്കാരം ആകൃതിയിൽ യോജിച്ചതായിരിക്കുക. ആകൃതിയിൽ വ്യത്യാസപ്പെട്ടാൽ പ്രവൃത്തികളിൽ തുടരുവാൻ സാധിക്കുകയില്ലല്ലോ. ഉദാഹരണമായി, മയ്യിത്ത് നമസ്കരിക്കുന്നവനോട് ളുഹ്ർ നമസ്കരിക്കുന്നവൻ തുടരുന്നത് ശരിയാവുകയില്ല.

ഇമാമും ജമാഅത്തുമായി നമസ്കരിക്കുമ്പോൾ മേൽപറഞ്ഞ നിബന്ധനകൾ സൂക്ഷിച്ചുകൊള്ളണം. അപ്രകാരംതന്നെ മഅ്മൂമായി നമസ്കരിക്കുന്നവനോട് തുടരുവാൻ പാടില്ല. ഇമാമിന്റെ നമസ്കാരം 'സ്വഹീഹ്' അല്ലെന്നറിഞ്ഞിട്ടുണ്ടെങ്കിൽ ആ ഇമാമിനോടും തുടരുവാൻ പാടില്ല. വൈകിവന്നു തുടർന്നവൻ ഇമാം റുകൂഇലേക്കു പോകാൻ അടുത്തിരിക്കുന്നുവെന്നു കണ്ടാൽ തക്ബീറത്തുൽ ഇഹ്റാം ചൊല്ലിയ ഉടനേ 'ഫാതിഹ' മാത്രം ഓതുകയാണ് വേണ്ടത്. അയാളുടെ ഫാതിഹ പൂർത്തിയാകുന്നതിനു മുമ്പായി ഇമാം റുകൂഇലേക്കു നീങ്ങിയാൽ ഇമാമിന്റെ കൂടെ റുകൂഇലേക്കു പോകണം. ഫാതിഹ പൂർത്തിയായിട്ടില്ലെങ്കിലും ആ റക്അത്ത് കിട്ടുന്നതാണ്. അതുപോലെത്തന്നെ ഇമാമിനോടുകൂടെ റുകൂഇൽ തുടരുകയും ഇമാം ഉയരുന്നതിനു മുമ്പ് റുകൂഇൽ അല്പം അടങ്ങുകയും ചെയ്താൽ ആ റക്അത്ത് കിട്ടുന്നതാണ്. കിട്ടാതെപ്പോയ റക്അത്ത് ഇമാമിന്റെ സലാമിനുശേഷം പൂർത്തിയാക്കണം.